DISPATCHED
22/06/2020

18/03/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1119(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6934/SIC-Gen 2/2012**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സന്തോഷ് ദേവൻ,
കുന്നപ്പിള്ളി ബിൽഡിംങ്സ്,
കല്ലാർകുട്ടി റോഡ്, അടിമാലി പി.ഒ.,
ഇടുക്കി. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (ആസ്ഥാനം), താലൂക്ക് ഓഫീസ്, ദേവികുളം, ഇടുക്കി.

2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, ദേവികുളം, ഇടുക്കി.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 08.03.2012ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, ദേവികുളം താലൂക്ക് ഓഫീസിലെ SPIOയോട് 11 ഇന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണു പരാതി. ചോദ്യങ്ങൾ, ചോദ്യാവലി രൂപത്തിലുള്ളതാണെന്നും, വിശദീകരണങ്ങളും, അഭിപ്രായങ്ങളും തേടലാണെന്നും, അത് നൽകാൻ വിവരാവകാശ നിയമം അനുശാസിക്കുന്നില്ലെന്നും പറഞ്ഞാണ് SPIO മറുപടി നൽകിയത്. പിന്നീട് ഒന്നാം അപ്പീലധികാരിയുടെ തീർപ്പനുസരിച്ച്, അപേക്ഷകൻ ആവശ്യപ്പെട്ട B5-1217/12, CA-11882/11 എന്നീ ഫയലുകളുടെ പകർപ്പുകൾക്ക് 182 രൂപ അടയ്ക്കാൻ ആവശ്യപ്പെട്ടുവെന്നും, ഈ പണം അടച്ചതിനുശേഷം, ഒരേ പകർപ്പുകൾ തന്നെ നിരവധി തവണ നൽകുകയാണുണ്ടായതെന്നും, കമ്മീഷൻ നൽകിയ അപ്പീലിൽ പറയുന്നു.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം 08.08.12ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് നൽകി. അപേക്ഷയുടെ ഉള്ളടക്കം ചോദ്യാവലിയും വിശദീകരണങ്ങളും ആയതിനാൽ, ടി വിവരങ്ങൾ ഉൾക്കൊള്ളിച്ചു 20.03.12ൽ D1-2669/2012

നമ്പർ ഫയൽ പ്രകാരം മറുപടി നൽകിയതാണെന്നും, പിന്നീട് അപ്പീൽ തീർപ്പ നുസരിച്ച് B.3-1217/2012, C.4-11882/11 എന്നീ നമ്പർ ഫയലുകളുടെ പകർപ്പുകൾ മാത്ര മാണ് ബന്ധപ്പെട്ട സെക്ഷനുകളിലെ ഫയലുകൾ പരിശോധിച്ച് ടിയാനു നൽകി യിട്ടുള്ളതാണെന്നും, ഒരേ കോപ്പികൾ തന്നെ ഒന്നിലേറെ തവണ നൽകി എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

3. ഇതെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. അപേക്ഷയിലെ ചോദ്യങ്ങ ളെല്ലാം വിശദീകരണങ്ങളും, അഭിപ്രായങ്ങളും തേടലാണെന്ന് പറഞ്ഞ് SPIO ആദ്യം നൽകിയ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. അപേക്ഷയിലെ 3, 7 ഇനങ്ങളിലെ ചോദ്യങ്ങളെ വേണമെങ്കിൽ ഒഴിവാക്കാവുന്നതാണെങ്കിലും, മറ്റ് ചോദ്യങ്ങൾ മറുപടി അർഹിക്കുന്നതാണ്. അതിനോട് SPIO കുറ്റമറ്റ നിലയിൽ പ്രവർത്തിച്ചിട്ടില്ല. ഇത് SPIOയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

4. രണ്ടു ഫയലുകളുടെ പകർപ്പുകൾ മാത്രമാണ് SPIO അപേക്ഷകന് നൽകി യിട്ടുള്ളതെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു.

5. അതുകൊണ്ട് ബാക്കി വിവരങ്ങൾ കൂടി ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ച യ്ക്കുള്ളിൽ ഒന്നാം എതിർകക്ഷി അപേക്ഷകന് നൽകേണ്ടതാണ്. ഒപ്പം പരാമർശിത കാലയളവിലെ SPIO എന്തുകൊണ്ട് വിവരാവകാശ നിയമം ദുർവ്യാഖ്യാനം ചെയ്ത് മറുപടി നൽകി എന്നതിനുള്ള വിശദീകരണം ടിയാൻ കമ്മീഷന് മേൽപ്പറഞ്ഞ കാലയ ളവിനുള്ളിൽ നൽകേണ്ടതാണ്. പരാമർശിത കാലയളവിലെ SPIOയിൽ നിന്ന് വിശദീ കരണം ലഭ്യമാക്കേണ്ട ചുമതല നിലവിലെ SPIOയ്ക്കാണ് എന്ന കാര്യവും ബന്ധപ്പെട്ട വരെ ഓർമപ്പെടുത്തുന്നു.

6. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 മാർച്ച് മാസം 18-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
gk.